# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.438

### 29-05-2019 ൽ മറുപടിക്ക്

### മസാല ബോണ്ട് വഴി സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലേക്ക് മസാല ബോണ്ട് വഴി നാളിതുവരെയായി സമാഹരിച്ച തുക എത്രയെന്ന് അറിയിക്കാമോ; | മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപയാണ് സമാഹരിച്ചത്. |
| (ബി) മസാല ബോണ്ടിന്റെ കാലാവധി , നൽകുന്ന പലിശ എന്നിവ എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ; | 9.723% കൂപ്പൺ റേറ്റിൽ ആണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പടെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്. |
| (സി) കിഫ്ബിയിലേക്ക് വിഭവ സമാഹരണത്തിന് മസാല ബോണ്ട് രീതി സ്വീകരിക്കാനിടയായ സാഹചര്യം /കാരണം വിശദമാക്കാമോ; | അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിനു കിഫ്ബിയ്ക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹാരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും.<br>ആദ്യഘട്ടമായി നടത്തിയ ആഭ്യന്തര ബോണ്ട് വഴി ഉദ്ദേശിച്ച ധനസമാഹരണം റീ - ടെൻഡറിന് ശേഷവും ഉയർന്ന പലിശ നിരക്ക് (10.20% - 10.25%) കാരണം |

| | |
|---|---|
| | ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിനു വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിയ്ക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഈ ബോണ്ടുകൾ എല്ലാം തന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്.<br>കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖല ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശനിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിയ്ക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരമാവധി ലഭ്യമാക്കുവാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്. മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50000 കോടി മുതൽ മുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ടു വിപണിയിലേക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ചു തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ ബോണ്ടിന്റെ പലിശ നിരക്ക് കാലാവധി പൂർത്തികരിക്കുന്നവരെയും സ്ഥിരമാണ്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ബഹു മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ധനകാര്യ സെക്രട്ടറിയും ദേശീയ തലത്തിലും |

| | |
|---|---|
| | അന്തർദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ധരും അടങ്ങുന്ന കിഫ് ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുൻപോട്ട് പോകുവാൻ തീരുമാനിക്കുകയും, 9.723% എന്ന പലിശ നിരക്ക് ന്യായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. |
| (ഡി) മസാല ബോണ്ട് രീതി സ്വീകരിച്ചതുവഴി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകുന്ന മേന്മകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | 31.03.2019 ന മുൻപ് മസാല ബോണ്ട് ഇടപാട് നടത്തിയ വഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5% വിത് ഹോൾഡിങ് നികുതിയുടെ ഇളവും കിഫ്ബിയ്ക്ക് നേടാനായി.വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളവും അതിന്റെ ഏജൻസിയായ കിഫ്ബിയും അപൂർവ്വ നേട്ടം കരസ്ഥമാക്കി. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ ഏർപ്പെട്ട മസാല ബോണ്ട് സമാഹരണത്തിൽ വച്ച് ഏറ്റവും വലിയ രണ്ടാമത്തെ ഉദ്യമമാണ് കിഫ്ബിയുടെ ഈ ചരിത്രനേട്ടം. 2016 ൽ ഭാരതീയ റിസർവ് ബാങ്ക് മസാല ബോണ്ട് സമ്പ്രദായത്തിനു അനുമതി നല്കിയതിനുശേഷമുണ്ടായ ഏറ്റവും വലിയ മൂന്നാമത്തെ സമാഹരണമാണിത്. ഈ കാൽവെയ്പ്പിലൂടെ നൂതന ധനസമാഹാര സ്രോതസ്സുകളിലേക്കുള്ള കിഫ്ബിയുടെ വാതായനം തുറക്കപ്പെട്ടു. |

സെക്ഷൻ ഓഫീസർ